# കൃഷിയുടെ മേളപ്പെരുക്കത്തിന് ഇന്ന് കൊട്ടിക്കലാശം

Janayugom 31.12.17

മണ്ണുത്തി: കഴിഞ്ഞ നാല് ദിവസങ്ങളായി പതിനായിരങ്ങളുടെ മനം കവർന്ന കൃഷിയുടെയും ജൈവവൈവിധ്യത്തിന്റെയും നന്മകൾ വിളിച്ചോതിയ കാർഷിക മഹാമേള വൈഗ 2017 ഇന്ന് സമാപിക്കും. കാർഷികോത്പന്ന സംസ്കരണം, മൂല്യവർദ്ധനവ് അടിസ്ഥാനമാക്കി കൃഷി വകുപ്പ് ഡിസംബർ 27 മുതൽ കാർഷിക സർവ്വകലാശാല ആസ്ഥാനമായ വെള്ളാനിക്കരയിൽ സംഘടിപ്പിച്ച വൈഗ മേളയിൽ കഴിഞ്ഞ ദിവസങ്ങളിൽ ജനപ്രവാഹം തന്നെയായിരുന്നു.

കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മേളയിൽ വിവിധ ദിനങ്ങളിലായി മന്ത്രിമാർ, എംഎൽഎമാർ, വിശിഷ്ടവ്യക്തികൾ എന്നിവർ പങ്കെടുത്തു. വിവിധ വകുപ്പുകൾ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ, യുവസംരംഭകർ, കാർഷിക സ്റ്റാർട്ടപ്പുകൾ അടക്കം 300 ൽ പരം സ്റ്റാളുകളാണ് പ്രദർശനനഗരിയിൽ വർണ്ണവിസ്മയം തീർത്തത്.

ആദ്യ മൂന്നു ദിനങ്ങളിൽ തേൻ, വാഴപ്പഴം, നാളികേരം, ചെറുധാന്യങ്ങൾ എന്നിവയെ ആസ്പദമാക്കി സെമിനാറുകളും നടന്നു. വിവിധ സെമിനാറുകളിലായി അയ്യായിരത്തോളം കർഷകർ പങ്കെടുത്തു. നാലാം ദിവസം നടന്ന സെമിനാർ യുവസംരംഭകർക്ക് നൂതന അനുഭവമായിരുന്നു. എല്ലാ ദിവസവും വൈകുന്നേരം 6 മണി മുതൽ 9 മണി വരെ കലാസന്ധ്യയും വിദ്യാർഥികൾക്കുവേണ്ടി പെയിന്റിംഗ്, ക്വിസ് മത്സരങ്ങളും ഉണ്ടായിരുന്നു

ഡിസംബർ 27 ന് കേരള ഗവർണർ പി സദാശിവം ഉദ്ഘാടനം നിർവ്വഹിച്ച മേളയുടെ സമാപന സമ്മേളനം ഇന്നു വൈകുന്നേരം നിയമസഭാ സ്പീക്കർ ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമാപന സമ്മേളനത്തിൽ മന്ത്രി എ സി മൊയ്തീൻ, സി എൻ ജയദേവൻ എംപി, കെ രാജൻ എംഎൽഎ എന്നിവർ പങ്കെടുക്കും.